## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1620 | 13.06.2014 ൽ മറുപടിയ്ക്ക് |

**അംഗനവാടികൾക്ക് സ്വന്തം കെട്ടിടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അംഗനവാടികൾ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അംഗൻവാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 127<br>കൊല്ലം - 48<br>പത്തനംതിട്ട - 36<br>ആലപ്പുഴ - 121<br>കോട്ടയം - 109<br>ഇടുക്കി - 60<br>എറണാകുളം - 21<br>തൃശ്ശൂർ - 169<br>പാലക്കാട് - 100<br>കോഴിക്കോട് - 47<br>മലപ്പുറം - 269<br>വയനാട് - 45<br>കണ്ണൂർ - 35<br>കാസർഗോഡ് - 13 |
| (ബി) ഇത്തരത്തിലുള്ള അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) അംഗൻവാടികൾക്ക് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനുപുറമേ സ്വന്തമായി സ്ഥലം കൈവശമുള്ള അംഗൻവാടികളിൽ 506 എണ്ണത്തിന് നബാർഡ്-ആർഐഡിഎഫ് പദ്ധതിയിൽപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എയുടെ ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ നിലവിലുള്ള അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. കൂടാതെ പ്ലാൻഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്താകെയായി 62 അംഗൻവാടികൾ നിർമ്മിച്ചുവരുന്നു. |

| | |
|---|---|
| (സി) താനൂർ നിയോജകമണ്ഡലത്തിൽ സ്ഥലമുള്ള എത്ര അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (സി) താനൂർ നിയോജകമണ്ഡലത്തിൽ സ്ഥലങ്ങളുള്ള 11 അംഗൻവാടികൾക്ക് നബാർഡ്-ആർഐഡിഎഫ് പദ്ധതി മുഖേന അംഗൻവാടികൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) മാതൃകാ അംഗനവാടികൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) മാതൃകാ അംഗൻവാടി കെട്ടിടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സീറ്റിംഗ് റൂം, കിച്ചൻ സ്റ്റോർ റൂം, ശിശു സൗഹൃദ ടോയ്‌ലെറ്റ്, കളിസ്ഥലം, കുടിവെള്ള സൗകര്യം, ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, സാനിട്ടേഷൻ, അമ്മമാരുടെ യോഗങ്ങൾക്കുള്ള മുറി, കുമാരി ക്ലാസ്സുകൾ, ഇമ്മ്യൂണൈസേഷൻ സൗകര്യം, വൃദ്ധർക്കുള്ള വായനാമുറി എന്നീ സൗകര്യങ്ങൾ ഉള്ള മൾട്ടി പർപ്പസ് മുറി/മുറികൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ